## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6332** **10-11-2021 - ൽ മറുപടിയ്ക്ക്**

### ടൂറിസം മേഖലയുടെ സംഭാവന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ വരുമാനത്തിൽ ടൂറിസം മേഖലയുടെ സംഭാവന എത്രത്തോളമാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനം സന്ദർശിക്കുന്ന ആഭ്യന്തര/ വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ആണ് വിനോദസഞ്ചാര മേഖലയിലെ മൊത്തവരുമാനം തയ്യാറാക്കുന്നത്. അങ്ങനെ തയ്യാറാക്കിയ കഴിഞ്ഞ അഞ്ചുവർഷത്തെ വിനോദസഞ്ചാരമേഖലയിലെ ആകെ വരുമാനം ചുവടെ ചേർക്കുന്നു. വർഷം ആകെ വരുമാനം (Direct & Indirect) Rupees in Crores 2016 29658.56 2017 33383.68 2018 36258.01 2019 45010.69 2020 11335.96 ടൂറിസം മേഖലയിലെ മൊത്ത വരുമാനം സംസ്ഥാനത്തിന്റെ ആകെ വരുമാനവുമായ് (Gross State Domestic Product(GSDP) / Gross State Value Added(GSVA)) താരതമ്യം ചെയ്യുമ്പോൾ ഏകദേശം 4.5% മുതൽ 6% വരെ ആണ്. |
| (ബി) | ആഗോള ടൂറിസം രംഗത്ത് കേരളം ഒരു ബ്രാൻഡ് എന്ന നിലയിൽ ശ്രദ്ധിക്കപ്പെടാനും സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ ടൂറിസം കേന്ദ്രങ്ങൾ കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ ടൂറിസം കേന്ദ്രങ്ങൾ കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പെപ്പർ, മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ എന്നിങ്ങനെ വിവിധ പദ്ധതികൾ നടത്തി വരുന്നുണ്ട്. ടൂറിസം ഗ്രാമസഭകൾ ചേർന്ന് തദ്ദേശവാസികൾക്ക് ഉത്തരവാദിത്ത ടൂറിസം പദ്ധതികളെപ്പറ്റി അവബോധം നൽകിക്കൊണ്ടാണ് പ്രസ്തുത പദ്ധതികളെല്ലാം ആരംഭിക്കുന്നത്. ഇതിനു പുറമേ സംസ്ഥാന വ്യാപകമായി എക്സ്പീരിയൻസ് എത്തിക് ക്യൂസിൻ, കേരള അഗ്രി ടൂറിസം നെറ്റ്.വർക്ക്, കലാകാരന്മാരുടെ യൂണിറ്റുകൾ, കരകൗശല വസ്തുക്കൾ ഉണ്ടാക്കുന്നവരുടെ യൂണിറ്റുകൾ എന്നിങ്ങനെ വിവിധ തരത്തിൽ തദ്ദേശീയർക്ക് ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമാകുവാനുള്ള വിവിധ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങളും മിഷൻ നടത്തുന്നുണ്ട്. എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കും ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലുള്ള ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്കുമായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ ജന പ്രതിനിധികൾക്ക് ഉത്തരവാദിത്ത ടൂറിസത്തിൽ പരിശീലനം നൽകി വരുന്നു. വരുന്ന അഞ്ച് വർഷക്കാലം കൊണ്ട് എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കും ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയും അത് വഴി ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ പ്രയോജനം ഗ്രാമീണ മേഖലയിലെ മുഴുവൻ ജനങ്ങൾക്കും എത്തിക്കുന്നതിനും കഴിയുന്നതാണ്. കോവിഡ് മഹാമാരിയെത്തുടർന്നും വകുപ്പ് നടത്തിവരുന്ന പോസ്റ്റ് കോവിഡ് ക്യാമ്പയിനുകൾ സംസ്ഥാനം സുരക്ഷിതമാണെന്ന സന്ദേശം രാജ്യത്തും വിദേശത്തും എത്തിക്കാനായിട്ടുണ്ട്. ഒ.ടി.ടി. ചാനൽ, എഫ്.എം. റേഡിയോ, മ്യൂസിക് സ്ട്രീമിംഗ്, ഓൺലൈൻ ക്യാമ്പയിനുകൾ, നാഷണൽ ടി.വി. സോഷ്യൽ മീഡിയ ക്യാമ്പയിനുകൾ എന്നിവ ഏറെ ശ്രദ്ധിക്കപ്പെടുന്നുണ്ട്. |
| (സി) | ഉത്തരവാദിത്ത ടൂറിസത്തിനൊപ്പം ഗ്രാമീണ സൗന്ദര്യം ആസ്വദിക്കാൻ കഴിയും വിധം കാരവൻ ടൂറിസം വികസിപ്പിക്കുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | ഉത്തരവാദിത്ത ടൂറിസത്തിനൊപ്പം ഗ്രാമീണ സൗന്ദര്യം ആസ്വദിക്കാൻ കഴിയും വിധമുള്ള പ്രവർത്തനങ്ങൾ കാരവൻ ടൂറിസം വഴി നടത്തുന്നുണ്ട്. സംസ്ഥാനത്തെ ഗ്രാമീണ സൗന്ദര്യം കൂടി സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കാനുതകുന്ന തരത്തിലാണ് കാരവൻ ടൂറിസം ഡെസ്റ്റിനേഷൻ സർക്യൂട്ട് പ്ലാൻ ചെയ്യുന്നത്. മാത്രമല്ല കാരവൻ പാർക്കുകളിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ കൂടി ഉൾക്കൊണ്ടുള്ള പ്രവർത്തന പദ്ധതികളാകും നടപ്പിലാക്കുക. താരതമ്യേന അറിയപ്പെടാത്തതും എന്നാൽ ഗ്രാമീണ സൗന്ദര്യം യഥേഷ്ടമുള്ളതുമായ ടൂറിസം കേന്ദ്രങ്ങളിലായിരിക്കും കാരവൻ ടൂറിസം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. കൂടാതെ പ്രാദേശിക ജനങ്ങളുടെ സഹകരണത്തോടെ ഫാമുകളിലും അതുപോലെ സ്ഥലസൗകര്യം ഉള്ള സ്ഥലങ്ങളിൽ കാരവൻ പാർക്കിംഗ് പോയിന്റുകൾ ഉണ്ടാക്കിയെടുക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. അതോടൊപ്പം തന്നെ പകൽ സമയങ്ങളിൽ ഉത്തരവാദിത്ത ടൂറിസം മിഷന്റെ വിവിധ എക്സ്പീരിയൻഷ്യൽ ടൂറിസം പാക്കേജുകളിൽ പങ്കെടുക്കുകയും രാത്രി സമയം പ്രകൃതി രമണീയമായ സ്ഥലത്ത് കാരവൻ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം ഉത്തരവാദിത്ത ടൂറിസം മിഷൻ |

| | | | |
|---|---|---|---|
| | | | യൂണിറ്റുകളിൽ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ